## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 232 — 18-06-2014-ൽ മറുപടിയ്ക്ക്

### ഉന്മൂലനം ചെയ്തിരുന്ന രോഗങ്ങളുടെ തിരിച്ചു വരവ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. പി.ബി.അബ്ദുൾ റസാക്<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) ഊർജ്ജിതമായ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തുനിന്നും ഉന്മൂലനം ചെയ്തിരുന്ന പല രോഗങ്ങളും വീണ്ടും കണ്ടു തുടങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് ഇപ്പോൾ കൂടുതലായി കണ്ടു വരുന്ന പകർച്ചവ്യാധി രോഗങ്ങൾ ഡങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം, വയറിളക്ക രോഗങ്ങൾ, വൈറൽ പനികൾ, മലമ്പനി, സ്ക്രബ്ടൈഫസ് തുടങ്ങിയവയാണ്. ഇവയൊന്നും കേരളത്തിൽ നിന്നും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടില്ല. കേരളത്തിൽ 1965-ൽ തന്നെ മലമ്പനി പൂർണ്ണമായും നിയന്ത്രണ വിധേയമാക്കി. എങ്കിലും നാലഞ്ചു വർഷങ്ങൾക്കു ശേഷം ഈ രോഗം തിരിച്ചു വരികയുണ്ടായി. സംസ്ഥാനത്ത് ഇപ്പോൾ കണ്ടു വരുന്ന എല്ലാ പകർച്ചവ്യാധി രോഗങ്ങളും നിയന്ത്രണ വിധേയമാക്കുന്നതിനുള്ള വളരെ ഫലപ്രദമായ കർമ്മപദ്ധതികൾ എല്ലാ വർഷവും തയ്യാറാക്കി നടപ്പിലാക്കി വരുന്നു. |

[മറുപുറം]

(ബി) അതിനാധാരമായ കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിശദ വിവരം നൽകുമോ ;

(ബി) സംസ്ഥാനത്ത് കണ്ടു വരുന്ന മുഴുവൻ പകർച്ചവ്യാധി രോഗങ്ങളെക്കുറിച്ചും ജില്ലാ, സംസ്ഥാനതലങ്ങളിൽ വിദഗ്ധർ അടങ്ങുന്ന സമിതികൾ വിശകലനം നടത്തിയാണ് വേണ്ട നിയന്ത്രണ മാർഗ്ഗങ്ങൾ നടപ്പിലാക്കി വരുന്നത്. കേരളത്തിൽ മലമ്പനി ഇപ്പോൾ കൂടുതലായും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്ന് ജോലി ചെയ്യുന്നവരിലും ഇവിടെ നിന്ന് മറ്റ് സ്ഥലങ്ങളിൽ പോയി വരുന്നവരിലുമാണ് കണ്ടുവരുന്നത്. കൂടാതെ ചെറിയ തോതിൽ തദ്ദേശീയ മലമ്പനിയും ചില സ്ഥലങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം, വേഗത്തിലുള്ള നഗരവത്കരണം, മാലിന്യ സംസ്കരണത്തിലുള്ള അപാകതകൾ, പ്രകൃതി ദുരന്തങ്ങൾ, വന നശീകരണം, ശുദ്ധജല ദൗർലഭ്യം തുടങ്ങിയവയാണ് രോഗങ്ങൾ വർദ്ധിക്കുവാനുള്ള കാരണങ്ങൾ. ലോകവ്യാപകമായി തന്നെ എച്ച്5. എൻ1.,എച്ച്1. എൻ1., Mersco തുടങ്ങിയ പല പുതിയ രോഗങ്ങളും ഓരോ വർഷവും ഉണ്ടാകുന്നു. ഇതിന്റെ പ്രത്യാഘാതമായി കേരളത്തിലും ഈ രോഗങ്ങൾ ഉണ്ടാകുന്നു. .

(സി) സംസ്ഥാനത്തിനകത്തേയ്ക്കുള്ള അന്യ സംസ്ഥാന തൊഴിലാളികളുടെ അനിയന്ത്രിതമായ വരവ് ഈ പ്രശ്നത്തിന് കാരണമാകുന്നുണ്ടോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി ഇക്കാര്യം പരിശോധിക്കുമോ ?

(സി) കേരളത്തിൽ ഇപ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പകർച്ചവ്യാധിരോഗങ്ങൾ ഇതര സംസ്ഥാന തൊഴിലാളികളിൽ നിന്നുമാണെന്ന് പറയാനാകില്ല. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികളെ പരിശോധിച്ച് രോഗനിർണ്ണയം നടത്തിയതിൽ നിന്നും അവരുടെയിടയിൽ മലമ്പനി, മന്ത് എന്നീ രോഗങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ